"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തളിപ്പറമ്പ് മണ്ഡലത്തിൽ സംഘടിപ്പിക്കുന്ന 'ഹാപ്പിനസ് ഫെസ്റ്റിവൽ' ന്റെ ചെലവിലേക്കായി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2131/2025/LSGD തീയതി,തിരുവനന്തപുരം, 29-08-2025

---

പരാമർശം:- 1. തളിപ്പറമ്പ് എംഎൽഎ സമർപ്പിച്ചിരിക്കുന്ന 06.08.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

തളിപ്പറമ്പ് മണ്ഡലത്തിൽ 2025 ഡിസംബർ 21 മുതൽ 31 വരെ 'ഹാപ്പിനസ് ഫെസ്റ്റിവൽ' എന്ന പേരിൽ സംഘടിപ്പിക്കുന്ന സാംസ്കാരിക പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ തുക ചെലവ് ചെയ്യുന്നതിനുള്ള യഥേഷ്ടാനുമതി ഉത്തരവ് നൽകണമെന്ന് തളിപ്പറമ്പ് എം.എൽ.എ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ഡിസംബർ 21 മുതൽ 31 വരെ തളിപ്പറമ്പ് മണ്ഡലത്തിൽ സംഘടിപ്പിക്കുന്ന 'ഹാപ്പിനസ് ഫെസ്റ്റിവൽ' ന്റെ സുഗമമായ നടത്തിപ്പിനായി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി ₹3,00,000/- (മൂന്നു ലക്ഷം രൂപ മാത്രം) വീതവും മണ്ഡലത്തിലെ നഗരസഭകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ₹5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) വീതവും തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവ് ചെയ്യുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 29-08-2025 11:19:13

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.